# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3779      17.12.2015-ൽ മറുപടിയ്ക്ക്

### വനശ്രീ യൂണിറ്റുകളെ ശക്തിപ്പെടുത്താൻ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.അച്ചുതൻ<br>,, സണ്ണി ജോസഫ്<br>,, സി.പി. മുഹമ്മദ്<br>,, പി.എ. മാധവൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വനശ്രീ യൂണിറ്റുകളെ ശക്തിപ്പെടുത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; | എ) വന വികാസ ഏജൻസികളുടെ മേൽനോട്ടത്തിൽ വന വിഭവശേഖരണം, മൂല്യവർദ്ധന, വിപണനം എന്നീ പ്രവർത്തനങ്ങൾ വന സംരക്ഷണ സമിതികൾ, ഇക്കോ - ഡെവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവയിലെ എല്ലാ അംഗങ്ങൾക്കും പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ നിർവ്വഹിക്കുന്നതിന് വനശ്രീ യൂണിറ്റുകൾ പുനസംഘടിപ്പിച്ച് വരുന്നു. വന മേഖലകളിൽ നിന്നും ശേഖരിച്ച തടിയേതര വന വിഭവങ്ങൾ സൂക്ഷിക്കുന്നതിനുള്ള ശേഖരണ കേന്ദ്രങ്ങൾ, സംസ്കരിച്ച് മൂല്യവർദ്ധനവ് നടത്തുന്നതിനുള്ള യന്ത്ര സംവിധാനങ്ങളോടുകൂടിയ പ്രോസസിംഗ് കേന്ദ്രങ്ങൾ ഉൽപ്പന്ന വിപണന കേന്ദ്രങ്ങൾ എന്നിവ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏർപ്പെടുത്തുന്നതിനായി ദേശീയ ഔഷധ സസ്യ ബോർഡിന്റെ ധന സഹായത്തോടെ 364 ലക്ഷം രൂപയുടെ ഒരു പദ്ധതി 2014-15ൽ നടപ്പാക്കി വരുന്നു. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) വനമേഖലകളിൽ നിന്നും ശേഖരിച്ച തടിയേതര വന വിഭവങ്ങൾ ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കുവാനും, യന്ത്രങ്ങളുടെ സഹായത്തോടുകൂടി കൂടുതൽ കാര്യക്ഷമതയോടെ വിപണിയിലെ ആവശ്യാനുസരണം മൂല്യവർദ്ധനവ് നടത്തി വിപണനത്തിന് സജ്ജമാകുവാനും അതുവഴി ആദിവാസികൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങളും, വരുമാനവും ഉണ്ടാ |

ക്കുകയുമാണ് മേൽ സംവിധാനം വഴി ലക്ഷ്യമിടുന്നത്.

| | | | |
|---|---|---|---|
| സി) | ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | സി) | 1) വനശ്രീ യൂണിറ്റുകളുടെ മേൽനോട്ടത്തിനായി, വന വികാസ ഏജൻസികളിൽ പ്രത്യേക കമ്മിറ്റികളെ ചുമതലപ്പെടുത്തി<br>2) സംസ്ഥാന വന വികാസ ഏജൻസിയുടെ കീഴിൽ "വനശ്രീ സെല്ലിന്റെ" പ്രവർത്തനം ഊർജ്ജിതപ്പെടുത്തി.<br>3) പ്രവർത്തന ഫണ്ട് സമയത്തിന് ലഭ്യമാക്കുവാനായി വന വികാസ ഏജൻസിയിൽ "റിവോൾവിംഗ് ഫണ്ട്" രൂപികരിച്ചു.<br>4) ശേഖരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏർപ്പെടുത്തുവാൻ ദേശീയ ഔഷധ സസ്യ ബോർഡിന്റെയും മറ്റ് വിവിധസർക്കാർ ഏജൻസികളിൽ നിന്നും ധന സഹായത്തിനായി പദ്ധതികൾ തയ്യാറാക്കി വരുന്നു.<br>5) വനശ്രീ വിഭവങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പായ്ക്കിംഗ് മെച്ചപ്പെടുത്തുന്നതിനും മറ്റു വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും വിദഗ്ദ പഠനം നടത്തുന്നതിന് തീരുമാനിച്ചു.<br>6) വന വിഭവ ശേഖരണത്തിലേർപ്പെടുന്ന ആദിവാസികൾക്ക് വിപണി വിലയുമായി ബന്ധപ്പെട്ട് പ്രതിഫലം ഉടനടി നൽകുവാൻ നടപടിയെടുത്തു.<br>7)വനശ്രീയുമായി ബന്ധപ്പെട്ട യൂണിറ്റുകളുടെ കണക്കുകൾ സമയബന്ധിതമായി ഓഡിറ്റ് ചെയ്യുവാൻ നടപടിയെടുത്തു.<br>8) വനശ്രീ വിഭവങ്ങൾ ഓൺലൈനായി വിൽക്കുന്നതിന് നടപടി ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ